പുസ്തകത്തിൽനിന്ന്

അബ്ദുല്ല ഹസൻ

# സകാത്ത് സംഭരണവും വിതരണവും

(ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച 'സകാത്ത്- തത്ത്വവും പ്രയോഗവും' എന്ന കൃതിയിൽനിന്ന്)

**അധികാരമുള്ള** ഒരു ഗവൺമെന്റാണ് സകാത്ത് സംഭരണവും വിതരണവും നടത്തേണ്ടതെന്ന കാര്യത്തിൽ തർക്കമുണ്ടാവാനിടയില്ല. ഒരിസ്‌ലാമിക ഗവൺമെന്റിന്റെ സുപ്രധാനമായ രണ്ടു വകുപ്പുകളാണത്. അധികാരമില്ലെങ്കിൽ മറ്റുള്ളവരുടെ കൈയിലുള്ള സമ്പത്ത് യഥാവിധി വസൂലാക്കുക എന്നത് പൂർണമായും ഫലപ്രദമായി നടപ്പാവുകയില്ലെന്ന് വ്യക്തം. അതിനാൽ വിശുദ്ധ ഖുർആൻ തന്നെ അത് ഇസ്‌ലാമിക ഗവൺമെന്റിന്റെ ബാധ്യതയാക്കി നിശ്ചയിച്ചിരിക്കുന്നു: ''നാം അവർക്കു ഭൂമിയിൽ അധികാരം നൽകിയാൽ അവർ നമസ്കാരം നിലനിർത്തുകയും സകാത്തു നൽകുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും'' (*അൽഹജ്ജ്* 41).

സകാത്തിന്റെ അവകാശികളിൽ അതിന്റെ ജോലിക്കാരെക്കൂടി ഖുർആൻ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നതും മറ്റൊരു തെളിവാണ്. സകാത്ത് സംഭരണ-വിതരണ വകുപ്പിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം കണ്ടെത്താൻ മറ്റു മാർഗങ്ങൾ തേടി പ്രയാസപ്പെടേണ്ടതില്ലെന്നു സാരം.

വിശുദ്ധ ഖുർആന്റെ ഈ കൽപന പ്രത്യക്ഷരം നടപ്പാക്കുക മാത്രമാണ് തിരുമേനി ചെയ്തത്. അതിനുവേണ്ടി അവിടുന്ന് രാജ്യത്തുടനീളം സകാത്ത് സംഭരണ-വിതരണ ശൃംഖലകൾ ഏർപ്പെടുത്തി. മുആദുബ്നു ജബലിനെ യമനിലേക്കയച്ചപ്പോൾ തിരുമേനി(സ) പറഞ്ഞു: ''അവരിലെ സമ്പന്നരിൽനിന്നു വസൂലാക്കി ദരിദ്രർക്കിടയിൽ വിതരണം ചെയ്യുന്ന സ്വദഖ(ദാനക്രമം) അല്ലാഹു അവർക്കു നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരോടു പറയുക.'' ഇങ്ങനെ രാഷ്ട്രത്തിന്റെ എല്ലാ ഭാഗത്തും സകാത്ത് സംഭരണത്തിന് ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് സകാത്ത് ബൈത്തുൽമാലി(പൊതു ഖജനാവ്)ൽ ശേഖരിക്കുകയായിരുന്നു തിരുമേനി ചെയ്തത്.

എന്നാൽ ഒരിസ്‌ലാമിക ഗവൺമെന്റ് ഈ ബാധ്യത ഏറ്റെടുത്തു നടത്താതിരിക്കുകയോ മുസ്‌ലിംകൾ സ്വന്തമായി ഗവൺമെന്റില്ലാതെ ഒരു ന്യൂനപക്ഷമായി ജീവിക്കുകയോ ആണെങ്കിൽ സംഘടിതമായി നമസ്കാരം നിർവഹിക്കാനും സകാത്ത് കൊടുക്കാനും അവർ ബാധ്യസ്ഥരല്ലെന്നാണോ ഇതിനർഥം? നമസ്കാരത്തിന്റെ കാര്യത്തിൽ മുസ്‌ലിം പണ്ഡിതരാരും ഇക്കാലം വരെ അങ്ങനെ മനസ്സിലാക്കിയിട്ടില്ല. മറിച്ച്, അതത് പ്രദേശങ്ങളിലുള്ള മുസ്‌ലിംകൾ സ്വന്തമായി സംഘടിച്ചു പള്ളികൾ പണിയുകയും നമസ്കാരം വ്യവസ്ഥാപിതമായി നടത്തുന്നതിനാവശ്യമായ സംവിധാനങ്ങളുണ്ടാക്കുകയുമാണ് ചെയ്തത്. എന്നാൽ എന്തുകൊണ്ടോ ഇതുപോലെ സമാനമായ സംവിധാനം സകാത്തിന്റെ കാര്യത്തിൽ സ്വീകരിക്കപ്പെട്ടതായി കാണുന്നില്ല. അധികാരത്തിന്റെ സമ്മർദമില്ലാതെ ധനം വസൂലാക്കാൻ പൂർണമായും സാധ്യമല്ലാത്തതും സമ്പത്തിനോടുള്ള അതിരറ്റ സ്നേഹം കാരണം ധർമബോധപ്രേരിതമായി സ്വമേധയാ ധനം ചെലവഴിക്കാൻ മുസ്‌ലിംകൾ സന്നദ്ധമാവാത്തതും ഓരോ നാട്ടിലും സ്വയം സന്നദ്ധരായി ഇത്തരം സാമൂഹിക കാര്യങ്ങൾക്കു നേതൃത്വം നൽകാൻ ഒരു വിഭാഗമെങ്കിലും മുന്നോട്ടു വരാത്തതുമൊക്കെ ഇതിനു കാരണമാവാം.

ഗവൺമെന്റില്ലെങ്കിലും നമസ്കാരം മഹല്ലടിസ്ഥാനത്തിൽ നാം സംവിധാനിച്ചിട്ടുണ്ട്. അതുപോലെത്തന്നെയാണ് സകാത്തും സംവിധാനിക്കേണ്ടത്. ഗവൺമെന്റിനു പകരമാണ് സകാത്ത് സംഭരണ-വിതരണത്തിനുവേണ്ടി രൂപവത്കരിക്കപ്പെടുന്ന കമ്മിറ്റി. ഗവൺമെന്റിനാവുമ്പോൾ അത് സുൽത്വാൻ എന്ന ഒരു വ്യക്തിക്കാണ് നൽകുന്നത്. വ്യക്തിയല്ല കമ്മിറ്റി. അതുകൊണ്ട് കമ്മിറ്റിക്ക് നൽകിയാൽ സാധുവാകില്ല എന്നു ചില യാഥാസ്ഥിതികർ പറയാറുണ്ട്. ഇത് പക്ഷേ, ഒരു നിലക്കും ശരിയല്ല. കാരണം ഗവൺമെന്റ് പോലെത്തന്നെയാണ് കമ്മിറ്റിയും. ഗവൺമെന്റിൽ പ്രസിഡന്റോ പ്രധാനമന്ത്രിയോ ഉള്ളതുപോലെ കമ്മിറ്റിക്കുമുണ്ട് ഒരു പ്രസിഡന്റ്. അതിനാൽ ദുർബലമായ ഈ ന്യായം കമ്മിറ്റിക്കു സകാത്ത് നൽകുന്നത് നിരാകരിക്കാൻ ശക്തമല്ല.

കമ്മിറ്റിക്കാർ അത് വിശ്വസ്തതയോടെ കൈകാര്യം ചെയ്തില്ലെങ്കിലോ എന്നാണ് മറ്റു ചിലരുടെ സംശയം. സകാത്ത് കൊടുക്കുന്ന വ്യക്തിയെ സംബന്ധിച്ചേടത്തോളം അതിൽ അത്ര വലിയ ഉറപ്പൊന്നും ലഭിക്കേണ്ടതില്ലെന്നാണ് തിരുമേനിയുടെ ചര്യയിൽനിന്നുതന്നെ മനസ്സിലാവുന്നത്.
''അനസി(റ)ൽനിന്നുദ്ധരണം: ഒരാൾ വന്നു തിരുമേനിയോട് ചോദിച്ചു: 'ഞാൻ എന്റെ സകാത്ത് അങ്ങയുടെ ദൂതനെ ഏൽപി

ച്ചാൽ അല്ലാഹുവിന്റെയും റസൂലിന്റെയും മുമ്പിൽ ഞാൻ കുറ്റമുക്തനായോ?' തിരുമേനി പറഞ്ഞു: അതെ. നിനക്കതിന്റെ പ്രതിഫലംകിട്ടി. കുറ്റം അതിൽ കൃത്രിമം ചെയ്തവർക്കാണ്'' (അഹ്മദ്).

ചില സ്വഹാബികളുടെ നടപടികൾ ഈ കാര്യം ഒന്നു കൂടി ഊന്നി ഉറപ്പിക്കുന്നു. ഇമാം നവവി *അൽമജ്മൂഇൽ* ഉദ്ധരിക്കുന്ന ഒരു സംഭവം ഇങ്ങനെ വായിക്കാം: ''മുഗീറതുബ്നു ശുഅ്ബ(റ) ത്വാഇഫിൽ തന്റെ കൃഷി നോക്കാൻ ഏൽപിച്ചിരുന്ന ആശ്രിതനോട് ചോദിച്ചു: എന്റെ സമ്പത്തിന്റെ സകാത്ത് നീ എങ്ങനെയാണ് ചെയ്യാറുള്ളത്? അദ്ദേഹം പറഞ്ഞു: അതിൽ ഒരു ഭാഗം ഞാൻ അധികാരിക്ക് നൽകും. ഒരു ഭാഗം ഞാൻ സ്വന്തമായി നൽകുകയും ചെയ്യും. മുഗീറ(റ) ചോദിച്ചു: എന്തിനാണ് നീ അങ്ങനെ ചെയ്യുന്നത്? അദ്ദേഹം പറഞ്ഞു: അവർ അതുകൊണ്ടു ഭൂമി വാങ്ങുകയും പെണ്ണുകെട്ടുകയുമൊക്കെ ചെയ്യുകയാണ്. മുഗീറ(റ) പറഞ്ഞു: അത് അധികാരികൾക്കു തന്നെ നൽകുക. കാരണം അല്ലാഹുവിന്റെ റസൂൽ അതവർക്കു കൊടുക്കാനാണ് ഞങ്ങളോട് കൽപിച്ചിരിക്കുന്നത്.''

മറ്റൊരു റിപ്പോർട്ട് ഇങ്ങനെ: സഹ്ലുബ്നു സഅ്ദ് തന്റെ പിതാവിൽനിന്നുദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: ''സകാത്ത് ബാധകമാവുന്നത്ര സമ്പത്ത് ഒരിക്കൽ എന്റെ കൈയിൽ ഒരുമിച്ചുകൂടി. ഞാൻ അത് തനിച്ചു വിതരണം ചെയ്യുകയോ അതല്ല അധികാരികൾക്കു കൊടുക്കുകയോ ഏതാണ് വേണ്ടതെന്ന് സഅ്ദുബ്നു അബീവഖാസ്, ഇബ്നു ഉമർ, അബൂഹുറയ്റ, അബൂസഈദിൽ ഖുദ്രി എന്നിവരോടൊക്കെ ചോദിച്ചുനോക്കി. ഞാൻ പറഞ്ഞു: ഈ അധികാരികൾ ചെയ്യുന്നത് നിങ്ങൾ കാണുന്നുണ്ടല്ലോ. എന്റെ സകാത്ത് ഞാൻ അവർക്കു കൊടുക്കണമോ? കൊടുക്കണമെന്നാണ് അവരെല്ലാവരും നൽകിയ മറുപടി.''

അധികാരികൾ കള്ളു കുടിച്ചാലും സകാത്ത് അവർക്കു തന്നെ നൽകണമെന്ന് ഇബ്നു ഉമർ ഫത്വ നൽകിയതായി ബൈഹഖി പ്രബലമായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്തത് ഇമാം നവവി ഉദ്ധരിച്ചിരിക്കുന്നു. അതിനാൽ അതിദുർബലമായ ന്യായങ്ങൾ പറഞ്ഞ് ഇന്നിപ്പോൾ കേരളത്തിന്റെ നാനാ ഭാഗങ്ങളിലും ശക്തി പ്രാപിച്ചുവരുന്ന സംഘടിത സകാത്ത് വിതരണ സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുന്നത് മിതമായി പറഞ്ഞാൽ സമുദായ ദ്രോഹമാണ്.

നബി(സ) തിരുമേനിയുടെ കാലത്തും ഖുലഫാഉർറാശിദുകളുടെ കാലത്തും ഉദ്യോഗസ്ഥന്മാർ പ്രത്യക്ഷ ധനമായ കാർഷിക വിളകളുടെ സകാത്ത് മാത്രമാണ് നിർബന്ധപൂർവം ശേഖരിച്ചിരുന്നത്. സ്വർണം, വെള്ളി, നാണയങ്ങൾ, കച്ചവടം തുടങ്ങിയ പരോക്ഷ ധനത്തിന്റെ സകാത്ത് വ്യക്തികൾ സ്വമേധയാ ബൈത്തുൽമാലിൽ അടക്കുകയായിരുന്നു പതിവ്. അപൂർവം ചിലപ്പോൾ സ്വന്തം നിലയിൽ അവകാശികൾക്ക് നൽകാനും വ്യക്തികൾക്കനുവാദം നൽകിയിരുന്നുവെന്ന് ചരിത്രത്തിൽനിന്നു മനസ്സിലാക്കാം. പരോക്ഷമായ ഈ ധനം കണക്കാക്കാൻ അന്നുണ്ടായിരുന്ന പ്രയാസമായിരിക്കാം ഒരുവേള ഇതിനു കാരണം. ഇന്നു പക്ഷേ, അങ്ങനെത്തന്നെ വേണമെന്നില്ല. മുസ്‌ലിം മഹല്ലുകൾ കേന്ദ്രീകരിച്ച് എല്ലാ ധനങ്ങളുടെയും സകാത്ത് അതത് പ്രദേശത്തെ സകാത്ത് കമ്മിറ്റികൾക്ക് നൽകുകയും, മഹല്ലുകൾ അവയുടെ കീഴിലുള്ള മുഴുവൻ കുടുംബങ്ങളുടെയും പൂർണമായ കണക്കെടുത്ത് ഫണ്ടിന്റെ അവസ്ഥയും ആവശ്യവും പരിഗണിച്ച് അർഹരായവർക്ക് അത് യഥായോഗ്യം വിതരണം ചെയ്യുകയുമാണെങ്കിൽ പല മുസ്‌ലിം പ്രദേശങ്ങളുടെയും മുഖഛായതന്നെ മാറുമെന്ന കാര്യത്തിൽ സംശയമില്ല. അതു മുഖേന സമൂഹസംസ്കരണവുമായി ബന്ധപ്പെട്ട സുപ്രധാനമായ ചില കാര്യങ്ങൾ സാധിക്കുകയും ചെയ്യും. ഒന്ന്, സ്ത്രീകളുടെയും കുട്ടികളുടെയും തെറ്റായ യാചനാ സംസ്കാരം അവസാനിപ്പിക്കാം. ആരുടെയും അഭിമാനത്തിന് ക്ഷതമേൽക്കാതെ അവരുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടുകയും ചെയ്യും. രണ്ട്, വ്യക്തികൾ സ്വന്തം നിലയിൽ വിതരണം നടത്തുമ്പോൾ പലപ്പോഴും കൊടുക്കുന്നവന്റെ മനസ്സാക്ഷി ദുർബലമാവാനും അതോടെ പാവങ്ങളുടെ അവകാശം വിനഷ്ടമാവാനും ഇടയുണ്ട്. മൂന്ന്, വ്യക്തമായ ആസൂത്രണങ്ങളോടെ നിർവഹിക്കപ്പെടുകയാണെങ്കിൽ പല പ്രദേശങ്ങളിലും ദാരിദ്ര്യ നിർമാർജനം ഇതു മുഖേന വളരെ ഫലപ്രദമായി സാധിതമാവും. വ്യക്തികൾ സ്വന്തം നിലയിൽ വിതരണം ചെയ്യുമ്പോൾ ഈ ആസൂത്രണം സാധ്യമല്ല.

എന്നാൽ താൽക്കാലികമായി നമ്മുടെ നാട്ടിൽ ഇതു സംബന്ധിച്ചു ചില പ്രശ്നങ്ങൾ നിലവിലുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ. പല മഹല്ലുകളിലും ഇപ്പോഴും സംഘടിത സകാത്ത് വിതരണം നിലവിൽ വന്നുകഴിഞ്ഞിട്ടില്ല. സകാത്ത് ദായകനായ ഒരു വ്യക്തിയുടെ ഏറക്കുറെ അടുത്ത ബന്ധുക്കൾ സംഘടിത സകാത്തു വിതരണമില്ലാത്ത അടുത്ത മഹല്ലിലാണ് താമസമെന്നു വരാം. ഇത്തരം സന്ദർഭങ്ങളിൽ അയാൾക്ക് തന്റെ ബന്ധുക്കളെ വിസ്മരിക്കുകയോ ഭാഗികമായി മാത്രം സംഘടിത സകാത്ത് വിതരണത്തോട് സഹകരിക്കുകയോ ചെയ്യേണ്ടിവരില്ലേ എന്നു ചോദിക്കാം. ഇത്തരം ചില താൽക്കാലിക സന്ദർഭങ്ങളിൽ സകാത്തിന്റെ ഭാഗിക വിതരണം സ്വയം ഏറ്റെടുക്കുന്നതിനു വിരോധമില്ലെന്നാണ് നബിതിരുമേനിയുടെ കാലത്തും ഖുലഫാഉർറാശിദുകളുടെ കാലത്തും ഉണ്ടായ പല സംഭവങ്ങളും തെളിയിക്കുന്നത്. അതിനാൽ ബന്ധുക്കൾക്കു വേണ്ടി ഒരു ഭാഗം മാറ്റിവെച്ച് മറ്റൊരു ഭാഗം കമ്മിറ്റിക്ക് നൽകുക മാത്രമേ ഇത്തരം സന്ദർഭങ്ങളിൽ നിർവാഹമുള്ളൂ.

ബന്ധുക്കൾക്ക് അങ്ങനെ സകാത്തിൽനിന്നു ഒരു ഭാഗം കൊടുക്കേണ്ടതില്ലെന്നു മാത്രമല്ല, കൊടുക്കാൻ ശരീഅത്തിൽ അനുവാദം തന്നെയില്ലെന്നു ചിലർ വാദിക്കാറുണ്ട്. ഇതു പക്ഷേ ശരിയാണെന്നു തോന്നുന്നില്ല. കാരണം ബന്ധുക്കൾക്ക് സകാത്ത് നൽകുമ്പോൾ രണ്ടു പ്രതിഫലമുണ്ടെന്നു തിരുമേനി പഠിപ്പിച്ച ഹദീസുകൾ പ്രബലമായി വന്നിട്ടുണ്ട്. ഇബ്നു മസ്ഊദിന്റെ പത്നി സൈനബ് തന്റെ ഭർത്താവിനും സഹോദരപുത്രിമാരായ അനാഥകൾക്കും സകാത്ത് നൽകുന്നതിനെക്കുറിച്ചു തിരുമേനിയോട് ചോദിക്കുകയും തിരുമേനി അതനുവദിക്കുകയും ചെയ്തതായി ബുഖാരി ഉദ്ധരിച്ചത് ഇതിലൊന്നാണ്.

ബന്ധുക്കൾക്ക് സകാത്ത് നൽകാൻ പറ്റുമെങ്കിൽ അവരെ ഖുർആൻ സകാത്തിന്റെ അവകാശികളായി എണ്ണാതിരുന്നതെന്തുകൊണ്ട് എന്നാണ് മറ്റൊരു ചോദ്യം. ഇതിന്റെ മറുപടി വ്യക്തമാണ്. അവരെ അവകാശികളായി എണ്ണിയിരുന്നെങ്കിൽ പണക്കാരായ ബന്ധുക്കൾക്കും സകാത്ത് കൊടുക്കൽ നിർബന്ധമാണെന്നു പറയേണ്ടി വരും. യഥാർഥമാവട്ടെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാത്ത ദരിദ്രർക്കാണ് സകാത്ത് വാങ്ങാൻ അർഹതയുള്ളത്. ബന്ധുവായതുകൊണ്ട് മാത്രം ഈ അവകാശം നിഷേധിക്കപ്പെട്ടുകൂടെന്നു മാത്രമല്ല അർഹരെങ്കിൽ ആപേക്ഷികമായി മറ്റുള്ളവരെക്കാൾ മുൻഗണന അർഹിക്കുന്നതും അവരാണ്. സകാത്ത് കൊടുക്കാനില്ലെങ്കിലും അവരെ സഹായിക്കൽ നിർബന്ധ ബാധ്യതയാണെന്നു പറയാൻ തെളിവുമില്ല. ■